# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 493** **25-10-2016-ൽ മറുപടിയ്ക്ക്**

## ഭാഗ്യക്കുറിയുടെ ഘടനയിലെ മാറ്റം

| | ചോദ്യം<br><br>ശ്രീ. എം. ഉമ്മർ<br>ശ്രീ. പി.കെ. ബഷീർ<br>ഡോ. എം.കെ. മുനീർ<br>ശ്രീ. പി.കെ. അബ്ദു റബ്ബ് | | മറുപടി<br><br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന ഭാഗ്യക്കുറിയുടെ ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) | ഉണ്ട്. പ്രതിവാര ഭാഗ്യക്കുറികളിൽ 30/- രൂപ മുഖവിലയുള്ള പൗർണമി, വിൻവിൻ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ പരിഷ്കരിച്ച സമ്മാനഘടന 2016 നവംബർ ആദ്യവാരത്തെ നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ടാണ് ടി ഭാഗ്യക്കുറികളുടെ സമ്മാനഘടന പരിഷ്കരിച്ചിട്ടുള്ളത്. (നോട്ടിഫിക്കേഷനുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്). അക്ഷയ ഭാഗ്യക്കുറിയുടെ മുഖവില 30/- രൂപയിൽ നിന്ന് 50/- രൂപയാക്കി ഉയർത്തി സമ്മാന ഘടന പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലാണ്. |
| (ബി) | ഇതോടനുബന്ധിച്ച് ടിക്കറ്റ് വില വർദ്ധിപ്പിക്കാൻ നിർദ്ദേശമുണ്ടോ; എങ്കിൽ സമ്മാനഘടനയിൽ മാറ്റമുണ്ടാകുമോ; | (ബി) | പൗർണമി, വിൻവിൻ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ മുഖവിലയിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല. അക്ഷയ ഭാഗ്യക്കുറിയുടെ മുഖവില 30/- രൂപയിൽ നിന്ന് 50/- രൂപയാക്കി ഉയർത്തി സമ്മാന ഘടന പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലാണ്.<br><br>കഴിഞ്ഞ വർഷത്തെ പൂജ ബമ്പർ, ക്രിസ്തുമസ്-ന്യൂഇയർ ബമ്പർ ഭാഗ്യക്കുറികളുടെ മുഖവില 100/- രൂപയായിരുന്നു. ഈ വർഷം പൂജ ബമ്പർ ഭാഗ്യക്കുറിയുടെ മുഖവില 150/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>സമ്മാന ഘടനയിൽ മാറ്റമുണ്ടാകും. പൗർണമി, വിൻവിൻ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ പരിഷ്കരിച്ച സമ്മാനഘടന 2016 നവംബർ ആദ്യവാരത്തെ നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | വിലവർദ്ധന വിൽപ്പനയെ പ്രതികൂലമായി ബാധിക്കുമോ യെന്ന കാര്യം പരിശോധി ച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | പരിശോധിച്ചിട്ടുണ്ട്. വിൽപ്പനയെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം നിലവിലില്ല. ടിക്കറ്റ് വില വർദ്ധിപ്പിക്കുന്നതിലൂടെ റവന്യൂ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്